കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം 695 001
ഫോൺ:: 0471 2331104 , 0471 2331159,
Email:cei@ceikerala.gov.in
:ceikerala@gmail.com
Website: www.ceikerala.gov.in

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

An IS 15700 : 2005 Certified Department

നമ്പർ : ഇ2-25687/2018/സി.ഇ.ഐ

തീയതി : 14/07/2021

## കാരണം കാണിക്കൽ നോട്ടീസ്

ശ്രീ. അബു ചെറിയാൻ എം. എന്ന താങ്കൾ കൊല്ലം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയി സേവനമനുഷ്ഠിക്കെ പൂർണ്ണമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ക്രമ പ്രകാരമുള്ള ശൂന്യവേതനാവധി അപേക്ഷ സമർപ്പിക്കാതെയും, ഓഫീസ് മേലധികാരിയുടെയോ, വകുപ്പ് അദ്ധ്യക്ഷന്റെയോ അറിവോ സമ്മതമോ കൂടാതെയും, ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നതിനുമുമ്പ് 08/01/2019 മുതൽ നാളിതുവരെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതും ഗുരുതരമായ അച്ചടക്കലംഘനമാണ്. കൂടാതെ അവ്യക്തമായ ശൂന്യവേതനാവധി അപേക്ഷ സമർപ്പിച്ചശേഷം ഓഫീസ് അധികാരിയുടെയോ, നിയമനാധികാരിയുടെയോ (വകുപ്പ് അദ്ധ്യക്ഷന്റെ) മുൻകൂർ അനുമതി തേടാതെ അനധികൃതമായി രാജ്യം വിട്ടുപോയതും ഒരു ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് താങ്കളുടെ ഭാഗത്തുനിന്നുണ്ടായ ചട്ട വിരുദ്ധമായ പ്രവൃത്തിയും ഗുരുതരമായ അച്ചടക്ക ലംഘനവുമാണ്. അച്ചടക്കനടപടിയുടെ ഭാഗമായി നൽകിയ കുറ്റാരോപണ മെമ്മോയ്ക്ക് താങ്കൾ യഥാസമയം പ്രതിവാദപത്രിക സമർപ്പിച്ചിട്ടില്ലാത്തതിനാൽ അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി താങ്കൾക്ക് എതിരെ വകുപ്പുതല അന്വേഷണം നടത്തുകയും, പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ താങ്കൾക്ക് എതിരെ ചുമത്തിയിരിക്കുന്ന കുറ്റം പൂർണ്ണമായും തെളിയിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അതിനാൽ താങ്കൾക്ക് എതിരെ KSR ഭാഗം I അനുബന്ധം XII A (9) -ൽ പരാമർശിക്കുന്നതു പ്രകാരം കഠിനമായ ശിക്ഷാ നടപടി കൈക്കൊള്ളുന്നതിന് ശിക്ഷണാധികാരി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 1960-ലെ KCS (CC &A) ചട്ടങ്ങളിലെ ചട്ടം II (VII) -ൽ പരാമർശിക്കുന്ന "സർവ്വീസിൽ നിന്നും നീക്കം ചെയ്യൽ" (Removal from the Civil Service) എന്ന കഠിന ശിക്ഷ നൽകുവാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം II (VII) -ൽ പരാമർശിക്കുന്ന "സർവ്വീസിൽ നിന്നും നീക്കം ചെയ്യൽ" (Removal from the Civil Service) ശിക്ഷ താങ്കൾക്ക് നൽകാതിരിക്കുന്നതിന് കാരണം കാണിക്കാൻ ആവശ്യപ്പെട്ടുകൊള്ളുന്നു. ഇക്കാര്യത്തിൽ

താങ്കൾക്ക് എന്തെങ്കിലും ആക്ഷേമോ വിശദാംശങ്ങളോ ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റി 15 (പതിനഞ്ച്) ദിവസത്തിനുള്ളിൽ ആയത് ഈ ഓഫീസിലേക്ക് അയക്കേണ്ടതാണ്. കൂടാതെ ടി വിഷയത്തിൽ താങ്കൾക്ക് നേരിൽ കേൾക്കുന്നതിന് ആഗ്രഹിക്കുന്നുണ്ട് എങ്കിൽ അക്കാര്യവും ശിക്ഷണാധികാരിയെ അറിയിക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ കാരണം കാണിക്കൽ നോട്ടീസിന് മറുപടി ലഭ്യമാക്കാത്തപക്ഷം ഇക്കാര്യത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പുകൂടി അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

ഉള്ളടക്കം:- വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ്.

ശ്രീ.അബുചെറിയാൻ.എം
തെക്കേതിൽ, ഞാലിയോട്
അമ്പിപൊയ്ക, കുണ്ടറ
കൊല്ലം ജില്ല - 691501

പകർപ്പ്:

1. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, കൊല്ലം
2. കരുതൽ/അധികം

SKP